# 21.12.2015 മുതൽ 31.01.2016 വരെയുള്ള പ്രവർത്തന റിപ്പോർട്ട്

21.12.2015 ശനിയാഴ്ച കൃത്യം 10 മണിക്ക് KEEC വർക്കിംഗ് കമ്മിറ്റി ആരംഭിച്ചു. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി മിനിറ്റ്സും റിപ്പോർട്ടും അവതരിപ്പിച്ചു. ശമ്പളപരിഷ്ക്കരണം ഉൾപ്പടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്തു.

**ശമ്പളപരിഷ്ക്കരണം - അവകാശ പത്രിക**

ശമ്പളപരിഷ്ക്കരണത്തോടനുബന്ധിച്ചുള്ള ബോർഡുതല ചർച്ചയിൽ പങ്കെടുക്കു വാൻ ജനറൽ സെക്രട്ടറിക്കൊപ്പം വി.ഗോപകുമാർ, കെ.സി.രാജൻ, നെയ്യാറ്റിൻകര പ്രതീപ് ആർ.അജിത് കുമാർ, എന്നിവരെയും ചുമതലപ്പെടുത്തി. 21.12.2015 കൃത്യം 2.30 ന് നമ്മുടെ ശമ്പളപരിഷ്ക്കരണ അവകാശ പത്രിക ബോർഡ് ചെയർമാന് നൽകി. വൈദ്യുതി ഭവന് മുന്നിൽ ആവേശകരമായ പ്രകടനം നടത്തി. അവകാശ പത്രിക നൽകുമ്പോൾ INTUC അഖിലേന്ത്യാ ഓർഗനൈസിംഗ് സെക്രട്ടറിയും കണ്ണൂർ DCC പ്രസിഡന്റുകൂടിയായ ശ്രീ.കെ.സുരേന്ദ്ര ൻ നമ്മോടൊപ്പമുണ്ടായിരുന്നു.

**ഗവൺമെന്റ് ഉത്തരവ്/സർക്കുലർ**

1. 22.12.2015 ന് ശമ്പള പരിഷ്ക്കരണം നടത്തുന്നതിലേക്കുള്ള ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. ഗവൺമെന്റ് കമ്മീഷനെ നിയമിച്ചു. യൂണിയനുകളുടെ നിർദ്ദേശങ്ങൾ പഠിച്ച് ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷനെ ചുമതലപ്പെടുത്തി. കമ്മീഷൻ മുമ്പാകെ നമ്മുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചു.
2. 1.1.2016 ൽ തുടർ നടപടികളുടെ ഭാഗമായി ബോർഡ് സർക്കുലർ പുറത്തിറക്കി.
3. 11.1.2016 ൽ Pay Revision സബ് കമ്മിറ്റി രൂപീകരിച്ച് ബോർഡ് ഉത്തരവായി. ഓഫീസർമാർ ഉൾപ്പടെയുള്ള കമ്മിറ്റിയിൽ നമ്മൾ ആവശ്യപ്പെട്ട 4 പേരെ ഉൾപ്പെടുത്തി. പേ റിവിഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് നാളെ ബോർഡിന് സമർപ്പിക്കും.

**മാസ്റ്റർ ട്രസ്റ്റ്**

ത്രികക്ഷി കരാറിന്റെ ഭാഗമായി പെൻഷൻ വിതരണത്തിന് മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കേണ്ടതുണ്ട്. റഫറണ്ടം നടക്കാതിരുന്നതിനാൽ മാസ്റ്റർ ട്രസ്റ്റ് രൂപീകരണം താമസിച്ചു. ഇതുസംബന്ധിച്ച കത്ത് അംഗീകാരമുള്ള 3 സംഘടനകൾക്ക് 28.1.2016 ന് ബോർഡ് നൽകി. ഒരാഴ്ചയ്ക്കകം നമ്മുടെ ഒരു നോമിനിയുടെ പേര് നൽകണം.

**പ്രമോഷൻ**

LM- I ൽ നിന്നും Overseer ലേക്ക് 276 പേരുടെ പ്രമോഷൻ ഉത്തരവ് പുറത്തിറങ്ങി. വിവിധ പ്രമോഷനുകൾ ഉടൻ പുറത്തിറക്കണമെന്ന് അഭ്യർത്ഥിച്ച് ബോർഡിന് കത്ത് നൽകിയതിനുശേഷം പുതിയതായി വന്നിട്ടുള്ള 30 സെക്ഷനുകളിലെ ഒഴിവുകൾക്ക് അനുവാദം നൽകിയതിനുശേഷം 1400 ഓളം പ്രമോഷനുകൾ നൽകണമെന്നും അതുവഴി ഉണ്ടാകുന്ന വർക്കർ തസ്തിക നികത്തണമെന്നും ബോർഡിനോട് ആവശ്യപ്പെട്ടു.

**ഡയറി -2016**

ആദ്യ Edition പുറത്തിറങ്ങി. അടുത്തത് ഉടൻ ഇറങ്ങുന്നതാണ്.

**അജണ്ട**

1. മാസ്റ്റർ ട്രസ്റ്റ് നോമിനേഷൻ
2. Identity card നൽകുന്നത് സംബന്ധിച്ച്
3. ശമ്പള പരിഷ്ക്കരണ - പ്രമോഷൻ ഉൾപ്പടെയുള്ള മറ്റ് വിഷയങ്ങൾ
4. സംസ്ഥാന സമ്മേളനം
5. വർക്കിംഗ് ഫണ്ട്

(signature)

ജനറൽ സെക്രട്ടറി